സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിൽ നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ വിധവകൾക്ക് 5 വർഷം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 6119/21/Est-I നന്തൻകോട്, 28/07/2021

---

പരാമർശം :- 1) 09.03.2018 ലെ ROC 245/09/ Est-1 നമ്പർ ബോർഡുത്തരവ്.
2) 29.05.2018 ലെ 10/2018/P&ARD നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേക്ക് നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾ പരാമർശം-1 ആയി പുറപ്പെടുവിച്ചിരുന്നു.

സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിൽ നിയമനത്തിനായി അപേക്ഷിക്കുന്നതിന് വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷം ഇളവ് അനുവദിച്ച് കൊണ്ടുള്ള പരാമർശം 2 ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കുന്ന കാര്യം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിവിധ തസ്തികകളിൽ നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ വിധവകൾക്ക് 5 വർഷം ഇളവ് (ഉയർന്ന പ്രായപരിധി ഒരു കേസിലും 50 വയസ്സ് അധികരിക്കുവാൻ പാടില്ലായെന്ന വ്യവസ്ഥയോടെ) അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് - ആമുഖ കത്ത് സഹിതം
4. എല്ലാ ഡിപ്പാർട്ട്മെന്റ് /ഓഫീസ് മേധാവികൾക്കും
5. ഇ.ഡി.പി സെക്ഷൻ
6. മിനിറ്റ്സ് സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി